**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1485** **05-02-2019-ൽ മറുപടിക്ക്**

**<u>ജൈവ വൈപ്പിൻ പദ്ധതി</u>**

| **ചോദ്യം**<br>**ശ്രീ. എസ്. ശർമ്മ** | | **മറുപടി**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
|---|---|---|---|
| | വൈപ്പിൻ മണ്ഡലത്തിൽ ജൈവ വൈപ്പിൻ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | | വൈപ്പിൻ മണ്ഡലത്തിൽ ജൈവ വൈപ്പിൻ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് NCESS ന്റെ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് ലഭ്യമായതിന്മേൽ KCZMA യുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേക്കായി NCESS മുഖാന്തിരം CRZ സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ ഇവ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചെങ്കിലും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പവർ പോയിന്റ് പ്രസന്റേഷൻ നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 04-04-2018 ൽ കൃഷി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ മീറ്റിംഗിനെ തുടർന്ന് 04-05-2018 ൽ വൈപ്പിൻ എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ജില്ലാകളക്ടറുടെ ചേംബറിൽ ഒരു യോഗം ചേർന്നിരുന്നു. ടി മീറ്റിംഗിൽ ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായി വീരം പുഴയുടെ ആഴം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ലഭ്യമാകുന്ന ഡ്രെഡ്ജിംഗ് മെറ്റീരിയൽ താല്കാലികമായി സൂക്ഷിക്കാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ (CPT) സ്ഥലം സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്മേൽ തുടർ നടപടികൾക്കായി CPT ചെയർമാന് കത്ത് നൽകിയെങ്കിലും ആദ്യം അനുവാദം ലഭിച്ചില്ല. എന്നാൽ ഇക്കാര്യം പുന:പരിശോധിക്കണമെന്ന് കെ.എൽ.ഡി.സി |

| | | | |
|---|---|---|---|
| | | | അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കെ.എൽ.ഡി.സിയുടെ കത്ത് ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. 11-12-2018 തീയതിയിൽ കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ബഹു. എം.എൽ.എ എസ്. ശർമ്മ യുടെ സാന്നിദ്ധ്യത്തിൽ നടന്ന ആലോചനാ യോഗത്തിൽ പദ്ധതി പുന:രാരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശിച്ചു.<br>താൽക്കാലികമായി മണ്ണ് ശേഖരിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മണ്ണ് മാറ്റുന്നതുൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി KCZMA യുടെ പവർ പോയിന്റ് പ്രസന്റേഷൻ ഉടനടി നടത്തുന്നതാണ്. KCZMA യുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പുന:രാരംഭിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ